**“ഭരണ ഭാഷ – മാതൃഭാഷ”**

# ഇൻഫർമേഷൻ കേരളാ മിഷൻ

പബ്ലിക്ക് ഓഫീസ് ബിൽഡിംഗ്, പബ്ലിക്ക് ഓഫീസ് പി.ഒ ,തിരുവനന്തപുരം – 695 033

**11.10.2022 –ന് രാവിലെ 11.00–ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് അനക്സ് –1 ബിൽഡിംഗിൽ ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേംബറിൽ വച്ച് നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 27–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.**

**യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | പേര് | സ്ഥാനം |
|---|---|---|
| 1 | ശ്രീമതി. ശാരദാ മുരളീധരൻ ഐഎഎസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്. | **ചെയർപേഴ്സൺ** |
| 2 | ഡോ.സന്തോഷ് ബാബു ഐഎഎസ് (Rtd), ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ (i/c), ഇൻഫർമേഷൻ കേരള മിഷൻ | **മെമ്പർ സെക്രട്ടറി** |
| 3 | ശ്രീ. സ്നേഹിൽ കുമാർ സിംഗ് ഐഎഎസ്, ഡയറക്ടർ, ഐ.ടി.മിഷൻ & ഡെപ്യൂട്ടി സെക്രട്ടറി, ഇലക്ട്രോണിക്സ് & ഐ.ടി വകുപ്പ് | **മെമ്പർ** |
| 4 | ശ്രീ. ജി അനിൽകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് | **മെമ്പർ** |
| 5 | ശ്രീ.രാജേഷ് കുമാർ എം, അഡീഷണൽ സെക്രട്ടറി, ഇലക്ട്രോണിക്ക് ആന്റ് ഐ.ടി ഡിപ്പാർട്ട്മെന്റ് | **മെമ്പർ** |

**അജണ്ട–1**

**വിഷയം: 27.07.2022 ന് നടന്ന ഇരുപത്തിആറാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ് സ്ഥിരീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

27.07.2022 ന് കൂടിയ ഇരുപത്തിആറാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് ചർച്ചകൾക്കു ശേഷം സ്ഥിരീകരിച്ചു.

**അജണ്ട–2**

**വിഷയം: ഇരുപത്തിആറാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്.**

ഇരുപത്തിആറാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ് പ്രകാരം സ്വീകരിച്ച അനന്തര നടപടികൾ എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ വിശദീകരിക്കുകയും, ആയത് കമ്മിറ്റി അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയും, റെക്കോഡാക്കുകയും ചെയ്തു.

**അജണ്ട–3**

**വിഷയം: ഐ.കെ.എം ജീവനക്കാരുടെ സർവ്വീസ് റൂൾസ് / റിക്രൂട്ട്മെന്റ് റൂൾസ് തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിച്ച നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

ഐ.കെ.എം ജീവനക്കാരുടെ കരട് സർവ്വീസ് റൂൾസ് / റിക്രൂട്ട്മെന്റ് റൂൾസ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു. ആയത് സർക്കാരിലേക്ക് സമർപ്പിച്ച നടപടിക്ക് സാധൂകരണം നൽകി.

**അജണ്ട–4**

**വിഷയം: സർക്കാരിന്റെ 11–ാമത് ശമ്പള പരിഷ്കരണത്തെ അടിസ്ഥാനമാക്കി ഐ.കെ.എം ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് സർക്കാരിലേക്ക് ശുപാർശ നൽകുന്നത് സംബന്ധിച്ച്.**

**തീരുമാനം**

ഇൻഫർമേഷൻ കേരള മിഷൻ സൊസൈറ്റിയിലെ ജീവനക്കാർക്ക് സർക്കാരിന്റെ 11–ാം ശമ്പള പരിഷ്കരണത്തിന് ആനുപാതികമായി ശമ്പളം പരിഷ്കരിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിലേക്ക് നൽകുന്നതിന് അനുമതി നൽകി.

**അജണ്ട –5**

**വിഷയം: ഐ.കെ.എമ്മിന്റെ** Functional Organisation Structure and Positions **അംഗീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

ഐ.കെ.എമ്മിന്റെ നിലവിലെ Organisation Structure, ഇനി വരാൻപോകുന്ന Functional Organisation Structure and Positions എന്നിവ സംബന്ധിച്ച് വിശദമായ ഒരു പ്രസന്റേഷൻ തയ്യാറാക്കി എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അവതരിപ്പിക്കാൻ തീരുമാനിച്ചു.

**അജണ്ട –6**

**വിഷയം: ഐ.കെ.എമ്മിലെ നിലവിലുള്ള ജീവനക്കാരെ ഐ.കെ.എം സൊസൈറ്റിയുടെ സ്ഥിരം ജീവനക്കാരായി മാറ്റി റെഗുലറൈസ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ച നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

31.08.2017 തീയതിയിലെ സ.ഉ.(കൈ)നം.176/2017/തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലനിർത്തിയിട്ടുള്ള ജീവനക്കാരെ ഐ.കെ.എം സൊസൈറ്റിയുടെ സ്ഥിരം ജീവനക്കാരാക്കി മാറ്റി റെഗുലറൈസ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ച നടപടിക്ക് എക്സിക്യൂട്ടീവ് കമ്മിറ്റി സാധൂകരണം നൽകി.

**അജണ്ട –7**

**വിഷയം: ഐ.കെ.എമ്മിൽ സെക്യൂരിറ്റി ജീവനക്കാരായി ജോലി ചെയ്തുവരുന്ന ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നത് സംബന്ധിച്ച്**

**തീരുമാനം**

പുതിയ ജീവനക്കാരെ KEXCON മുഖേന നിയമിക്കുന്നതിന് തീരുമാനിച്ചു.

**അജണ്ട –8**

**വിഷയം: 2020–21 വർഷത്തെ Statutory Audit ചെയ്യുന്നതിന് Statutory Auditor നെ നിയമിച്ച നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

ഐ.കെ.എമ്മിന്റെ 2020–21 വർഷത്തെ Statutory Audit ചെയ്യുന്നതിന് M/S Grandmark & Associates എന്ന സ്ഥാപനത്തിന് Offer letter നൽകിയ നടപടിക്ക് സാധൂകരണം നൽകി. അതോടൊപ്പം സമാനമായ മറ്റ് സ്ഥാപനങ്ങളിൽ AG empanneled ചെയ്ത Statutory Auditor നെയാണോ നിയമിക്കുന്നത് എന്ന് പരിശോധിച്ച് അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റി മുൻപാകെ സമർപ്പിക്കുവാനും നിർദ്ദേശിച്ചു.

**അജണ്ട –9**

**വിഷയം: ഫീൽഡിലുള്ള ടെക്നിക്കൽ ജീവനക്കാരുടെ ഒഴിവ് നികത്തുന്നതിന് കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി ജീവനക്കാരെ സി.എം.ഡി മുഖേന നിയമിക്കുന്നതിന് എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നൽകുന്നത് സംബന്ധിച്ച്.**

**തീരുമാനം**

കേരളത്തിലെ വിവിധ ജില്ലകളിലെ ടെക്നിക്കൽ ജീവനക്കാരുടെ ഒഴിവ് നികത്തുന്നതിന് കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി ജീവനക്കാരെ Center for Management Development (CMD) മുഖേന നിയമിക്കുന്നതിന് എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**അജണ്ട –10**

**വിഷയം: ഐ.കെ.എമ്മിന്റെ നേതൃത്വത്തിൽ ജില്ലകളിൽ പ്രോഡക്റ്റ് ഇന്നവേഷൻ സെന്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

ഇൻഫർമേഷൻ കേരള മിഷന്റെ ജില്ലാതലത്തിലുള്ള പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമായി പൈലറ്റായി ഒരു ജില്ല തിരഞ്ഞെടുത്ത് Product Innovation Centre ആരംഭിക്കുന്നതിനും, ആയത് success ആണോ എന്ന് പരിശോധിച്ച ശേഷം മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചു.

**അജണ്ട –11**

**വിഷയം: ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ മറ്റ് സംസ്ഥാനങ്ങളിലേക്കും രാജ്യങ്ങളിലേക്കും വിൽപ്പന നടത്തുന്നത് സംബന്ധിച്ച്.**

**തീരുമാനം**

ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ മറ്റ് സംസ്ഥാനങ്ങളിലേക്കും രാജ്യങ്ങളിലേക്കും Market ചെയ്യുന്നതിനെ കുറിച്ച് പരിശോധിക്കുന്നതിനും ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഐ.കെ.എമ്മിൽ ഒരു ബിസിനസ്സ് ഡെവലപ്പ്മെന്റ് യൂണിറ്റ് രൂപീകരിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി അനുമതി നൽകി.

**അജണ്ട –12**

**വിഷയം: സോഫ്റ്റ്‌വെയർ വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി ജീവനക്കാരെ നിയമിച്ചത് സംബന്ധിച്ച്.**

**തീരുമാനം**

KOCHI SMART CITY യുടെ പ്രോജക്റ്റ് പ്രൊപ്പോസൽ പ്രകാരം urban ILGMS സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സോഫ്റ്റ് വെയർ വിഭാഗത്തിലേക്ക് വിവിധ തസ്തികകളിലേക്ക് താൽക്കാലികമായി ജീവനക്കാരെ നിയമിച്ച നടപടിക്ക് KOCHI SMART CITY Board ന്റെ അംഗീകാരത്തിനു വിധേയമായി സാധൂകരണം നൽകി.

**<u>അഡീഷണൽ അജണ്ട</u>**

**അജണ്ട–1**

**വിഷയം: KSMART പ്രോജക്ടുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാരെ ഒരു workshop mode എന്ന നിലയിൽ റീലൊക്കേറ്റ് ചെയ്ത നടപടിയ്ക്ക് സാധൂകരണം നൽകുന്നത് സംബന്ധിച്ച്.**

പബ്ലിക് ഓഫീസ് കോംപ്ലക്സിലെ ഐ.കെ.എം പ്രവർത്തിക്കുന്ന സ്ഥലത്ത് Workstation, Electrification and Networking എന്നിവ സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾ മുഖേന ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതിനാലും, നിലവിലുള്ള സ്ഥലത്ത് സ്ഥലപരിമിതിമൂലവും (Workstation), Connectivity യുടെ പരിമിതിമൂലവും സമയബന്ധിതമായി KSMART പ്രോജക്ട് പൂർത്തിയാക്കുന്നതിന് കഴിയുന്നില്ല എന്ന് മനസ്സിലാക്കിയ സാഹചര്യത്തിൽ, ഇതിനെ തുടർന്ന് നടത്തിയ അന്വേഷണത്തിൽ എല്ലാ സൌകര്യങ്ങളും കൂടിയ പബ്ലിക് ഓഫീസിനടുത്തുള്ള Incuspaze Solutions Private Limited, Aspinwall House, Kowdiar-Kuravankonam Road, Kowdiar, Trivandrum എന്ന കെട്ടിടത്തിൽ 31.12.2022 വരെ വർക്ക്ഷോപ്പ് മോഡിൽ പ്രവർത്തിക്കുന്നത് തീരുമാനിക്കുകയും, ആദ്യഘട്ടമായി KSMART, മറ്റ് പ്രോജക്ട്മായി ബന്ധപ്പെട്ട് ജോലിചെയ്യുന്ന 32 ജീവനക്കാരെ 19.09.2022ന് Incuspaze Solutions Private Limited, Aspinwall House, Kowdiar-Kuravankonam Road, Kowdiar, Trivandrum -ലേക്ക് മാറ്റിയിരുന്നു.

**<u>തീരുമാനം</u>**

Incuspaze Solutions Private Limited, Aspinwall House, Kowdiar-Kuravankonam Road, Kowdiar, Trivandrum എന്ന സ്ഥലത്ത് മൂന്ന് മാസത്തേയ്ക്ക് (31.12.2022 വരെ) 54 ജീവനക്കാർക്കുള്ള വർക്ക് സ്റ്റേഷനും, ഒരു മാനേജർ ക്യാബിനും ഉൾപ്പടെ 57 ബില്ലിംഗ് സീറ്റിന് വേണ്ടി പ്രതിമാസം 3,98,100/-രൂപ + 18% GST നിരക്കിൽ വാടക നിശ്ചയിച്ച് കരാറിൽ ഏർപ്പെട്ട നടപടിക്ക് എക്സിക്യൂട്ടീവ് കമ്മിറ്റി സാധൂകരണം നൽകി.

**യോഗം 1.00 PM ന് അവസാനിച്ചു.**

**(ഒപ്പ്)**
**ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ (i/c)**
**ഇൻഫർമേഷൻ കേരള മിഷൻ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**അഡീഷണൽ ചീഫ് സെക്രട്ടറി**
**തദ്ദേശ സ്വയംഭരണ വകുപ്പ്**
**(ചെയർപേഴ്സൺ)**